**മധുരമായ കുട്ടികളെ – തന്റെ അവസ്ഥ നല്ലതാക്കി മാറ്റണമെങ്കിൽ അതിരാവിലെ എഴുന്നേറ്റ് ഏകാന്തതയിലിരുന്ന് ചിന്തനം ചെയ്യൂ ഞാൻ ആത്മാവാണ്, എനിക്കിപ്പോൾ തിരിച്ച് പോകണം, ഈ നാടകം പൂർത്തിയാവുകയാണ്.**

**ചോദ്യം** – പൂർണ്ണമായി ബലിയർപ്പണമാകുന്നതിന്റെ അർത്ഥമെന്താണ്?
**ഉത്തരം** – പൂർണ്ണമായി ബലിയാവുക അർത്ഥം – ബുദ്ധിയുടെ യോഗം ഒന്നിനുനേരെയായിരിക്കുക. കുട്ടികൾ തുടങ്ങി ഒരു ദേഹധാരിയുടെയും ഓർമ്മ വരാതിരിക്കുക. ദേഹത്തിന്റെ ബോധം മുറിയണം. ഇങ്ങനെ ആരാണോ പൂർണ്ണമായും ബലിയർപ്പിക്കുന്നത് അവർക്ക് 21 ജന്മത്തേക്ക് സമ്പത്ത് ബാബയിൽ നിന്ന് ലഭിക്കുന്നു. ആരാണോ പരസ്പരം നാമരൂപത്തിൽ കുടുങ്ങുന്നത് അവർ ബാബയുടെയും തന്റെയും പേര് മോശമാക്കുകയാണ്.

**ചോദ്യം** – ബാബ എല്ലാ കുട്ടികൾക്കും ഏതൊരു കൃപയാണ് ചെയ്യുന്നത്?
**ഉത്തരം** – കക്കയിൽ നിന്നും വജ്ര സമാനമാക്കി മാറ്റുന്നതിന്റെ കൃപ ബാബ ചെയ്യുന്നു. ഏത് കുട്ടികളാണോ ഓരോ ചുവടിലും അഭിപ്രായമെടുക്കുന്നത്, ഒന്നും ഒളിപ്പിച്ച് വെക്കാത്തത്, അവരുടെ മേൽ സ്വതവേ കൃപയുണ്ടാവുന്നു.

**ഗീതം** – ആരാണ് ഈ കളിയെല്ലാം രചിച്ചത്......

**ഓം ശാന്തി**. ആരാണോ ഗീതമുണ്ടാക്കിയത് അവർക്ക് ഇതിന്റെ അർത്ഥം അറിയുകയില്ല. നിങ്ങൾ കുട്ടികൾക്ക് ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് നോക്കൂ നിങ്ങൾക്ക് എത്ര നല്ല സമ്പത്തായിരുന്നു നൽകിയത് നിങ്ങളെ രചിച്ചപ്പോൾ. സ്വർഗ്ഗമാണ് പുതിയ രചന. ലോകത്തിലുള്ളവർക്ക് അറിയുകയില്ല സ്വർഗ്ഗത്തിന്റെ രചന എങ്ങനെയാണ് രചിക്കപ്പെടുന്നത്. പിന്നീട് എങ്ങനെയാണ് മായയാകുന്ന 5 വികാരം കയറുന്നത്. ഓരോരോ കാര്യങ്ങളും പുതിയതാണ് പുതിയ ലോകത്തേക്കുവേണ്ടി. സത്യയുഗം എന്ന് ഏതിനെയാണ് പറയുക– ഇതുപോലും അറിയില്ലെങ്കിൽ പിന്നെ മറ്റെന്തറിയും. ഈ ജ്ഞാനം ഒരു ശാസ്ത്രത്തിലുമില്ല. സ്വയം പരംപിതാ പരമാത്മാവ് തന്നെയാണ് വന്ന് ജ്ഞാനം നൽകുന്നത്, ഈ ജ്ഞാനം പിന്നീട് പ്രായലോപമായി പോകുന്നു. ജ്ഞാനത്തിലൂടെ രാജയോഗം പഠിച്ച് രാജ്യഭാഗ്യം നേടി, അത്രമാത്രം. ഇതിനെയാണ് പറയപ്പെടുന്നത് ആത്മീയ ജ്ഞാനം (സ്പിരിച്വൽ നോളേജ്) സ്പിരിച്വൽ എന്ന് പറയുന്നത് സ്പിരിറ്റ് അഥവാ ആത്മാവിനെയാണ്. ബാബയെ സുപ്രീം സ്പിരിറ്റ് എന്ന് പറയും. അനേകം പേര് നൽകിയിരിക്കുന്നു. ആത്മ ജ്ഞാനം വേണമെന്ന് പറയുന്നുമുണ്ട്. ഫിലോസഫി എന്നത് ശാസ്ത്രങ്ങളുടെ ജ്ഞാനമാകുന്നു. ശാസ്ത്രം പഠിച്ച് പരമാത്മാവിനെ അറിയാൻ ശ്രമിക്കുന്നു. പരംപിതാ പരമാത്മാവാണെങ്കിലോ ശാസ്ത്രം പഠിക്കുന്നേയില്ല, പരമാത്മാവിനെ നോളേജ് ഫുൾ എന്ന് പറയുന്നു. മനുഷ്യർ മനസ്സിലാക്കുന്നു പരമാത്മാവ് അന്തര്യാമിയാണെന്ന്. പക്ഷെ അങ്ങനെയൊന്നുമില്ല. ഡ്രാമയനുസരിച്ച് ആര് ഏത് കർമ്മമാണോ ചെയ്യുന്നത് അവർക്ക് അതിന്റെ ഫലം ലഭിക്കുക തന്നെ ചെയ്യുന്നു. കുട്ടികൾക്ക് കർമ്മം, അകർമ്മം, വികർമ്മത്തിന്റെ ഗതിയും മനസ്സിലാക്കി കൊടുക്കുന്നു. കർമ്മം എപ്പോൾ അകർമ്മം ആകുന്നു, പിന്നീട് എങ്ങനെയാണ് കർമ്മം വികർമ്മമാകുന്നത്. സ്വർഗ്ഗത്തിൽ ഒരു മോശമായ കർമ്മവും ഉണ്ടാകുന്നില്ല, വികർമ്മമാകാൻ, എന്തുകൊണ്ടെന്നാൽ അവിടെ രാവണ രാജ്യമേയില്ല, അതിനാൽ കർമ്മം അകർമ്മമായി മാറുന്നു. പാപം ചെയ്യിപ്പിക്കുന്നത് രാവണനാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ബാബ മനസ്സിലാക്കി തരുന്നു. മനുഷ്യരാണെങ്കിൽ ഇത് അറിയുന്നില്ല എങ്ങനെയാണ് സത്യയുഗത്തിൽ വികാരമില്ലാതെ കുട്ടികൾ ജനിക്കുന്നതെന്ന്. ഒരുപാട് പേര് പറയുന്നു തീർച്ചയായും അവിടെ വികാരം ഉണ്ടാകുന്നുണ്ട് പക്ഷെ ഇത്രക്ക് ഇല്ല. ഇവിടെയും സന്യാസിമാരും ഗുരുക്കന്മാരും മനസ്സിലാക്കികൊടുക്കുന്നത് വർഷത്തിൽ അഥവാ മാസത്തിൽ ഒരു തവണ വികാരത്തിൽ പോകാം എന്ന്. പക്ഷെ ബാബയാണെങ്കിൽ ഉറപ്പിച്ച് പറയുന്നു കുട്ടികളെ കാമം മഹാശത്രുവാണ്, അതിന് മേൽ പൂർണ്ണമായും വിജയം നേടണം. സമ്പൂർണ്ണ നിർവികാരിയായി മാറണം. അവിടെ രാവണൻ ഇല്ല അതിനാൽ വികാരം എവിടെ നിന്ന് വന്നു. സിക്കുകാരും പാടുന്നു മുഷിഞ്ഞ വസ്ത്രം അലക്കി..... അതിനാൽ എല്ലാവരും മുഷിഞ്ഞ വസ്ത്രമാണ്. ഇത് ആരുടെയും നിന്ദ ചെയ്യുന്നതല്ല. ആര് എങ്ങനെയാണോ അവരെ തീർച്ചയായും അങ്ങനെ പറയും. കള്ളനെ കള്ളനെന്ന് പറയും. ഗ്രന്ഥത്തിലും ഒരുപാട് അറിവുകൾ എഴുതിയിട്ടുണ്ട്. ഗുരു നാനാക്ക് പരംപിതാ പരമാത്മാവിന്റെ മഹിമ ചെയ്യുന്നു. പറയുന്നു സാഹേബിനെ ജപിക്കൂ, സുഖം നേടൂ..... ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ. ഏതിനെയാണോ അരകല്പം ഓർമ്മിച്ചത് ആ വസ്തു അഥവാ ലഭിച്ചുവെങ്കിൽ എത്ര സന്തോഷമുണ്ടാവണം.

പക്ഷെ സന്തോഷവും അവർക്കാണുണ്ടാവുക ആരാണോ ഇടക്കിടക്ക് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കുന്നത്. ആത്മാവാണെന്ന് മനസ്സിലാക്കുന്നതിലൂടെ ബാബയോടും സ്നേഹമുണ്ടായിരിക്കും. ആത്മാവിന് ഈ സമയം അറിയുകയേയില്ല നമ്മുടെ അച്ഛൻ ആരാണ്. ബാബയുടെതായി മാറി ബാബയുടെ കർത്തവ്യം അറിയുന്നില്ലെങ്കിൽ അവരെ വിഡ്ഢി എന്ന് പറയും. പ്രഹ്ലാദന്റെ കഥ കേൾപ്പിക്കുന്നു, പ്രതികാരം ചെയ്യുന്നതിന് വേണ്ടി തൂണിൽ നിന്ന് വന്നു.... പക്ഷെ പരമാത്മാവ് എവിടെ..... അഡ്രസ്സ് പോലും അറിയില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം. നിങ്ങൾ ബ്രഹ്മാകുമാരന്മാരും കുമാരിമാരുമാണ്. പ്രജാപിതാ ബ്രഹ്മാവിന്റെ പേരും പ്രശസ്തമാണ്. സ്ത്രീയാണെങ്കിൽ ഇല്ല അവരിൽ നിന്ന് കുട്ടികൾ ജനിക്കാൻ. തീർച്ചയായും മുഖവംശാവലിയായിരിക്കും. നിങ്ങൾക്കും ഇത് മനസ്സിലാക്കി കൊടുക്കാൻ സാധിക്കണം. നമ്മൾ ബ്രഹ്മാകുമാർ കുമാരിമാരാണ്, പ്രജാപിതാ ബ്രഹ്മാവിന്റെ പേര് കേട്ടിട്ടുണ്ട്. അതിനാൽ പരംപിതാ പരമാത്മാവ് ബ്രഹ്മാവിലൂടെ രചന രചിക്കുന്നു. ആദ്യമാദ്യം ബ്രഹ്മാവിനെ രചിച്ചു പിന്നീട് ബ്രഹ്മാവിലൂടെ രചന രചിച്ചു. ബാബ മനസ്സിലാക്കി തരുന്നു നോക്കൂ, എന്റെ മുഖവംശാവലികളെത്രയാണ്. സമ്പത്താണെങ്കിൽ എല്ലാവർക്കും ശിവബാബയിൽ നിന്ന് തന്നെയാണ് ലഭിക്കുന്നത്, ആരെയാണോ ദത്തെടുത്തത് അവർ തീർച്ചയായും നിർദ്ധനരായിരിക്കും. ആദ്യം ബ്രഹ്മാവിനെ ദത്തെടുത്തു. പിന്നെ ബ്രഹ്മാവിലൂടെ മുഖവംശാവലികളെ സൃഷ്ടിച്ചു. ആ കുഖവംശാവലീ ബ്രാഹ്മണർ ഭൗതീകമായ യാത്ര ചെയ്യിക്കുന്നു, ഈ ബ്രഹ്മാമുഖ വംശാവലികൾ ആത്മീയ യാത്ര ചെയ്യിക്കുന്നു. ഈ ആത്മീയ യാത്ര ആർക്കും അറിയുകയില്ല. പുരുഷാർത്ഥം ചെയ്യുന്നു നമ്മൾ നിർവ്വാണധാമത്തിൽ പോകാൻ. അതിനാൽ ബുദ്ധിയുടെ യാത്ര ബ്രഹ്മത്തിന്റെ നേരെയാവും. അത് ബ്രഹ്മത്തിന്റെ യാത്രയാണ്. മനസ്സിലാക്കുന്നു നമ്മൾ ബ്രഹ്മത്തിൽ ലയിച്ചു ചേരും. അപ്പോൾ പിന്നെ ഭൗതീകമായ യാത്ര ചെയ്യുന്നതിന്റെ ആവശ്യമെന്താണ്. യാത്രയും നിർവ്വാണധാമത്തിന്റെയാണ്. അതിനെ പിന്നെ ജ്യോതി ജ്യോതിയിൽ ലയിച്ചു അഥവാ കുമിള കുമിളയിൽ ലയിച്ചു ചേർന്നു – ഇങ്ങനെ പറയുകയില്ല. ഈ യാത്ര ചെയ്യുന്നത് ആത്മാവാണ്. ബ്രഹ്മ തത്ത്വത്തിൽ പോകുന്നു. ഇതാണ് ആത്മീയ യാത്ര, ബാക്കിയെല്ലാം ഭൗതീകമായ യാത്രയാണ്. അവർക്കാണെങ്കിലോ അറിയുകയേയില്ല ആർക്കാണ് നിർവ്വാണധാമത്തിലേക്ക് കൂട്ടികൊണ്ട് പോകാൻ കഴിയുന്നത്. ഇപ്പോൾ പരിധിയില്ലാത്ത ബാബ പറയുന്നു ഞാൻ തന്നെയാണ് എല്ലാവരെയും കൂട്ടികൊണ്ട് പോകുന്നത്, സർവ്വരുടെയും വഴികാട്ടി ബാബ തന്നെയാണ്. സത്യയുഗത്തിൽ വളരെ കുറച്ച് മനുഷ്യർ മാത്രമാണ്, ബാക്കി എല്ലാ ആത്മാക്കളും തീർച്ചയായും തിരിച്ച് പോകുന്നു. യഥാർത്ഥ കാര്യം ബാബ തന്നെയാണ് പറഞ്ഞു തരുന്നത്. ഇപ്പോൾ നിങ്ങൾ സത്യം സത്യമായ യാത്രയിലാണ്. ഞാൻ ആത്മാവാണ്, നാടകം പൂർത്തിയാവുകയാണ്, തിരിച്ച് പോകണം. ഇത് ഉറച്ചതാക്കണം. ഏതാന്തതയിലിരുന്ന് ഇത് ചിന്തിക്കൂ ഞാൻ ആത്മാവാണ്, ബാബ എന്നെ കൂട്ടികൊണ്ട് പോകാൻ വന്നിരിക്കുകയാണ്. ഈ ശരീരം മോശമാണ്. ഇപ്രകാരം സ്വയത്തോട് സംസാരിക്കണം, ഇതിനെ വിചാര സാഗര മഥനം എന്ന് പറയുന്നു. ബാബ കർമ്മം ചെയ്യുന്നതിന് സമയം നൽകുന്നുണ്ട്. ബാക്കി രാത്രിയിൽ ഉണർന്ന് ഈ അഭ്യാസം ചെയ്യൂ എങ്കിൽ പകലും നല്ല അവസ്ഥയുണ്ടാകും, സഹായം ലഭിക്കും. രാത്രിയിലെ അഭ്യാസം പകൽ പ്രയോജനപ്പെടും. രാത്രിയിൽ ഉണരണം – 2 മണിക്ക് ശേഷം; എന്തുകൊണ്ടെന്നാൽ 9 മുതൽ 12 മണിവരെയുള്ള സമയം തികച്ചും മോശമാണ് അതിനാൽ അതിരാവിലെ തന്നെയാണ് വിചാര സാഗര മഥനം ചെയ്യേണ്ടത്. ഞാൻ ആത്മാവാണ് അത്രമതി, ഇപ്പോൾ ബാബയുടെ അടുത്തേക്ക് തന്നെ പോകണം. ഒരു ശരീരം വിട്ട് വേറൊന്ന് എടുക്കും. ഇതാണ് തന്നോട് സംസാരിക്കുന്നതിന്റെ രീതി. 84 ജന്മങ്ങൾ പൂർത്തിയായി. ബാക്കി കുറച്ച് ദിവസമുണ്ട്. ഇത് പരിധിയില്ലാത്ത ഡ്രാമയാണ്. ഇപ്രകാരം ബുദ്ധിയിലിരിക്കുകയാണെങ്കിൽ ദേഹബോധം മുറിയും. ബാബയും സമ്പത്തും മാത്രം ഓർമ്മയുണ്ടാകും.

ബാബ തന്നെയാണ് വന്ന് പഠിപ്പ് നൽകുന്നത്. ഇല്ലായെങ്കിൽ ഇപ്രകാരം നമ്മളെങ്ങനെ പവിത്രമായി മാറാൻ പറ്റും. ഈ സമയം ഒരുപാട് അഴിമതികളാണ്, അതിനാൽ സദാചാര കമ്മിറ്റി എന്ന് പേര് വരുന്നു. മുമ്പ് ഈ കാര്യങ്ങളൊന്നും ഉണ്ടായിരുന്നില്ല. ഈ കറപ്ഷൻ(അഴിമതി) മുതലായ എല്ലാം ഇപ്പോഴുണ്ടായതാണ്. മന്ത്രി മുതലായവ ആയി എങ്കിൽ എത്ര പൈസയാണ് അഴിമതി നടത്തുന്നത്. എത്ര ഭ്രഷ്ടാചാരം ചെയ്യുന്നു. സത്യയുഗത്തിൽ ശ്രേഷ്ഠാചാരീ ഗവൺമെന്റാണ്. നിങ്ങൾ വളരെയധികം ശ്രേഷ്ഠാചാരിയായി മാറികൊണ്ടിരിക്കുകയാണ്. അവിടെ പാപത്തിന്റെ പേരുണ്ടായിരിക്കുകയില്ല. ബാബ വന്ന് സ്വർഗ്ഗത്തിലേക്ക് യോഗ്യരാക്കുകയാണ്. മോശമായ ആരെല്ലാമുണ്ടോ അവരെ പുഷ്പമാക്കി മാറ്റുന്നു, സ്വർഗ്ഗം സ്ഥാപിച്ച് സർവ്വർക്കും സദ്ഗതി നൽകി പിന്നീട് സ്വയം മറയുന്നു. എന്റെ പാർട്ട് തന്നെ സർവ്വർക്കും സദ്ഗതി നൽകുക എന്നുള്ളതാണ്. ഞാൻ മുഴുവൻ ലോകത്തെയും എന്തിൽ നിന്ന് എന്താക്കി മാറ്റുന്നു. ഇതാങ്കെിൽ മനുഷ്യർ പോലും പറയുന്നു യുദ്ധമുണ്ടാകും. ദിനപത്രങ്ങളിലിടാറുണ്ട് 5 വർഷത്തിനുള്ളിൽ ഇതുണ്ടാകും, അതുണ്ടാകും. ശരി വിനാശമുണ്ടാകും – പിന്നീടെന്താവും? ഈ വിനാശവും എന്തിനാണുണ്ടാവുന്നത്, കാരണം പറയണമല്ലോ. നിങ്ങൾക്കിപ്പോൾ അറിയാം ബാബ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്തുകൊണ്ടിരി

ക്കുകയാണ് അതിനാൽ തീർച്ചയായും നരകത്തിന്റെ വിനാശമുണ്ടാകും. ബാബ വന്ന് പഴയ ലോകത്തിൽ നിന്ന് പുതിയ ലോകമുണ്ടാക്കുന്നു. അവിടെ അകാല മൃത്യു ഉണ്ടായിരിക്കുകയില്ല. മരിക്കുന്നതിന്റെ ഭയമൊരിക്കലും ഉണ്ടാവില്ല, ആത്മജ്ഞാനമുണ്ടാവുന്നു. നമ്മൾ ഒരു ശരീരം ഉപേക്ഷിച്ച് പോയി വേറൊന്നെടുക്കുന്നു. ഇതും മനസ്സിലാക്കുന്നു ആരാണോ വൈകി വരുന്നത് അവർ തീർച്ചയായും ജന്മമെടുക്കും. നമുടെ 84 ജന്മങ്ങൾ പൂർത്തിയായിരിക്കുകയാണ്. ഇത് ലോകത്തിലുള്ളവർക്ക് അറിയുകയില്ല. നിങ്ങൾ ആത്മാക്കൾക്ക് പരംപിതാ പരമാത്മാവിരുന്ന് മനസ്സിലാക്കി തരുകയാണ്. പ്രജാപിതാവിന്റെ കുട്ടികളാണെങ്കിൽ പരസ്പരം സഹോദരീ സഹോദരരായി. അതിനാൽ ഒരു വികർമ്മവും ചെയ്യാൻ കഴിയില്ല. അല്ലെങ്കിൽ പറയുന്നുമുണ്ട് ഹിന്ദൂ- ചൈനീസ് സഹോദര സഹോദരങ്ങളാണ്, പിന്നെ എങ്ങനെ വികാരത്തിലേക്ക് പോകും. പറയാൻ എളുപ്പമാണ് പക്ഷെ അർത്ഥം മനസ്സിലാക്കുന്നില്ല. സഹോദര സഹോദരന്റെ അർത്ഥം ആത്മാവിലാണ് ഉള്ളത്. സഹോദര സഹോദരിയുടെ സംബന്ധത്തിൽ വികാരത്തിന്റെ ദൃഷ്ടിയുണ്ടാവാൻ പറ്റില്ല. ലൗകീക സംബന്ധത്തിലും അടുത്ത ബന്ധുവുമായി അഥവാ വിവാഹം ചെയ്തുവെങ്കിൽ പ്രശ്നമാകാറുണ്ട്.

ബാബ മനസ്സിലാക്കി തരുകയാണ് നിങ്ങൾ എല്ലാവരും ദേവീ ദേവതകൾ ശ്രേഷ്ഠാചാരിയായിരുന്നു പിന്നീട് ഭ്രഷ്ടാചാരിയായി മാറിയിരിക്കുകയാണ്. ഇപ്പോൾ വീണ്ടും ശ്രേഷ്ഠാചാരിയായി മാറികൊണ്ടിരിക്കുകയാണ്. നമ്മൾ തന്നെയായിരുന്നു ശ്രേഷ്ഠാചാരീ, 16 കലയുള്ളവർ. പിന്നീട് 14 കലയിൽ വന്നു പിന്നെ ഭ്രഷ്ടാചാരിയായി മാറി-മാറി ഇപ്പോൾ ഒന്ന് കൂടി തമോപ്രധാന ഭ്രഷ്ടാചാരിയായി മാറിയിരിക്കുകയാണ്. ഈ സൃഷ്ടി ചക്രത്തിന്റെ ചിത്രത്തിലും വ്യക്തമായി എഴുതിയിട്ടുണ്ട്. വർണ്ണത്തിന്റെ രൂപവും ഉണ്ടാക്കിയിരിക്കുന്നു. പക്ഷെ അതിൽ കുടുമീ ബ്രാഹ്മണനെ പറയുന്നില്ല. ശിവബാബയുമില്ല, ബ്രാഹ്മണനെയും കാണിച്ചിട്ടില്ല. ബാക്കി ദേവതാ, ക്ഷത്രിയൻ, വൈശ്യൻ ശൂദ്രനെ കാണിച്ചിട്ടുണ്ട്. നിങ്ങളിപ്പോൾ അറിഞ്ഞു കഴിഞ്ഞു, നമ്മൾ കുട്ടിക്കരണം മറിയുന്ന കളി കളിക്കുകയാണ്. ഇപ്പോൾ നമ്മൾ ബ്രാഹ്മണനിൽ നിന്ന് പിന്നീട് ദേവീ ദേവതയായി മാറും അതിനാൽ ദൈവീക ഗുണങ്ങൾ ധാരണ ചെയ്യണം ഇപ്പോൾ തിരിച്ച് പോകണം. പിന്നീട് നമ്മൾക്ക് വേണ്ടി മുഴുവൻ ലോകവും സ്വർഗ്ഗമായി മാറും. ഭൂമിക്ക് വെള്ളം ലഭിക്കും. ഇപ്രകാരം രാത്രിയിൽ വിചാര സാഗര മഥനം ചെയ്യൂ എങ്കിൽ പകൽ വളരെ പ്രയോജനപ്പെടും. ഇപ്പോൾ നമ്മൾ മധുരമായ അച്ഛന്റെയടുത്തേക്ക് പോവുകയാണ്, ഏതിന് വേണ്ടിയാണോ നമ്മൾ അലഞ്ഞ് ക്ഷീണിതരായത്. എവിടെ നിന്നും വഴി ലഭിച്ചില്ല. ഇപ്പോൾ നിങ്ങൾ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ് സമ്പത്ത് നേടുന്നതിന് വേണ്ടി. പക്ഷെ മായയും വളരെ പ്രബലനാണ്. വളരെയധികം ചതിക്കുന്നു. പെട്ടെന്ന് ചെവിയിൽ, മൂക്കിൽ പിടിക്കുന്നു. ഭ്രഷ്ടാചാരിയാക്കി മാറ്റുന്നു. കാമത്തിന്റെ ലഹരി വരുന്നു. ആരുടെയെങ്കിലും നാമ രൂപത്തിന് പുറകെ കുടുങ്ങുന്നു, പ്രിയതമനും പ്രിയതമയും പോലെ. വളരെയധികം ചതിക്കപ്പെടുന്നു. ലോഭിയും പേര് പാടെ മോശമാക്കി മാറ്റുന്നു. ഇതെല്ലാം നടന്നുകൊണ്ട് തന്നെയാണിരിക്കുന്നത്. ബാബ മനസ്സിലാക്കി തരുകയാണ്, യോഗത്തിലിരിക്കണം. ആരാണോ നല്ല യോഗികൾ അവർ 4-5 ദിവസം ഭോജനം കഴിക്കാതിരുന്നാൽ പോലും അവർക്ക് ചിന്തയുണ്ടായിരിക്കുകയില്ല. വളരെ സന്തോഷത്തിലിരിക്കുന്നു. അവസ്ഥ അങ്ങനെയാക്കണം. നോക്കണം എന്നിൽ ഏതെങ്കിലും വസ്തുവിനോട് ലോഭമില്ലല്ലോ! ലക്ഷ്യം വെക്കണം നമ്മൾ ഫുൾ പാസായി കാണിക്കും. കല്പ-കല്പാന്തരത്തിലെ കളിയാണ്. തന്റെ പരിശോധന ചെയ്യണം - നമ്മൾ ലക്ഷ്മീ നാരായണനെ വരിക്കാൻ അഥവാ രാജ്യഭാഗ്യം നേടാൻ യോഗ്യരായി മാറുകയാണ്! അഥവാ എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ അത് ഇല്ലാതാക്കേണ്ടതുണ്ട്, കുറവുകൾ ഒളിപ്പിച്ച് വെക്കാൻ സാധിക്കില്ല. ഇപ്പോൾ നിങ്ങളുടെ കണക്ഷൻ ശിവബാബയുമായാണ്. ആർക്കു വേണമെങ്കിലും ദൃഷ്ടി നൽകാം ഉയർത്തുന്നതിന് വേണ്ടി. ബാബ വളരെയധികം സഹായിക്കുന്നു. ബ്രഹ്മാകുമാരിമാർ പറയുന്നു ഇത് ഞങ്ങൾ ചെയ്തു. ഞങ്ങൾ ഇപ്രകാരം നന്നായി മുരളി കേൾപ്പിച്ചു - ഈ അഹങ്കാരം അവസ്ഥയെ താഴ്ത്തുന്നു. ആരാണോ നല്ല നല്ല കുട്ടികൾ, അവർ മനസ്സിലാക്കുന്നു - ബാബയുടെ സഹായം ലഭിക്കുന്നു. പലരിലും മായ പ്രവേശിക്കുന്നതിലൂടെ വീണ് പോകുന്നു, ഇതിൽ പൂർണ്ണമായും ആത്മാഭിമാനിയായി മാറണം. ദേഹത്തിലേക്ക് ദൃഷ്ടി പോകരുത്, ബാബ ശിക്ഷണം നൽകികൊണ്ടിരിക്കുന്നു ശരിയാക്കി പോകൂ. മായയുടെ പ്രഹരമേൽക്കരുത്, ഇല്ലായെങ്കിൽ പദവി നഷ്ടമാകും. ആ പതിയെ നിങ്ങൾ എത്ര ഓർമ്മിക്കുന്നു ഈ പതികളുടെയും പതി ആരാണോ നിങ്ങളെ അമൃത് കുടിപ്പിക്കുന്നത്, കക്കയിൽ നിന്ന് വജ്ര സമാനമാക്കി മാറ്റുന്നത് അവരെ ഓർമ്മിക്കുന്നില്ല. ഇങ്ങനെയുള്ള ബാബയെ എത്ര ഓർമ്മിക്കണം! ശ്രീമതത്തിൽ പുരുഷാർത്ഥം ചെയ്യിക്കുന്നു. എന്തെങ്കിലും കാര്യമുണ്ടെങ്കിൽ ചോദിക്കണം ബാബാ എന്നിൽ എന്ത് അവഗുണമാണ്! ദേഹത്തിന്റെ ബോധം മുറിക്കണം. ആരാണോ പൂർണ്ണമായി ബലിയർപ്പിക്കുന്നത്, അവർക്ക് 21 ജന്മങ്ങളുടെ സമ്പത്ത് ലഭിക്കുന്നു. പൂർണ്ണമായി ബലിയർപ്പിക്കുക അർത്ഥം ബാബയുടെ നേരെ ബുദ്ധിയിരിക്കുക. ഈ കുട്ടികൾ മുതലായ ആരെല്ലാമുണ്ടോ, അവരിൽ നിന്നെല്ലാം ബുദ്ധി മാറണം. ബാബ

പറയുന്നു അതിന് പകരം നിങ്ങൾക്കവിടെ എല്ലാം പുതിയത് ലഭിക്കും. പറയുന്നു ഭഗവാന്റെ കൃപയാൽ കുട്ടി ലഭിച്ചു. ഭഗവാനിപ്പോൾ സ്വയം പറയുകയാണ് ആ കൃപയെല്ലാം അല്പകാലത്തിന്റെയാണ്. ഇപ്പോഴാണെങ്കിൽ നിങ്ങളുടെ മേൽ വളരെയധികം കൃപ ചെയ്യും. നിങ്ങളെ കക്കയിൽ നിന്ന് വജ്ര സമാനമാക്കി മാറ്റും. ഗൃഹസ്ഥ വ്യവഹാരത്തിലിരുന്നും ഇതെല്ലാം ബാബയുടെതാണെന്ന് മനസ്സിലാക്കൂ. ഓരോ ചുവടിലും അഭിപ്രായം എടുത്തുകൊണ്ടിരിക്കൂ. ബാബ തന്നെയാണ് അഭിപ്രായം നൽകുന്നത്. ഒരു വിപരീതമായ കർമ്മവും ചെയ്യാൻ അനുവദിക്കുകയില്ല. വികാരികളാകാൻ അനുവദിക്കില്ല. അവിനാശീ സർജനോട് ഒന്നും ഒളിപ്പിച്ച് വെക്കരുത്. ഓരോ ചുവടിലും ചോദിക്കണം. ഒരുപാട് കുട്ടികൾ ചോദിക്കുന്നുമുണ്ട്, എഴുതുന്നുമുണ്ട് ബാബാ ഈ വികാരം ഉപദ്രവിക്കുന്നു. ചിലരാണെങ്കിൽ മുഖം കറുപ്പിച്ചാലും പറയുകയില്ല. ഒളിപ്പിച്ച് വെക്കുകയാണെങ്കിൽ ഒന്ന് കൂടി കറുത്ത് പോകും. ശരി –

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:–

1. ഫുൾ പാസാകുന്നതിന് വേണ്ടി എന്തെല്ലാം കുറവുകളുണ്ടോ, വികാരങ്ങളുടെ അംശമുണ്ടോ അതിനെ സമാപ്തമാക്കണം. ഒരു കാര്യത്തിന്റെയും അഹങ്കാരം വെക്കരുത്.

2. ദൃഷ്ടി വളരെ പവിത്രവും ശുദ്ധവുമാക്കണം. ഒരിക്കലും ഒരു ദേഹധാരിയുടെ പുറകെ കുടുങ്ങരുത്, പൂർണ്ണമായും ആത്മാഭിമാനിയായി മാറണം.

## വരദാനം:– സൈലൻസിന്റെ ശക്തിയിലൂടെ മോശമായതിനെ നല്ലതിലേക്ക് പരിവർത്തനപ്പെടുത്തുന്ന ശുഭഭാവനാ സമ്പന്നരായി ഭവിക്കട്ടെ.

സയൻസിന്റെ സാധനങ്ങളിലൂടെ കേടായ സാധനങ്ങളെയും പരിവർത്തനപ്പെടുത്തി നല്ല സാധനമാക്കുന്നത് പോലെ താങ്കൾ സൈലൻസിന്റെ ശക്തിയിലൂടെ മോശമായ കാര്യം അഥവാ മോശമായ സംബന്ധത്തെ മോശത്തിൽ നിന്ന് നല്ലതിലേക്ക് പരിവർത്തനം ചെയ്യൂ. താങ്കളുടെ ശ്രേഷ്ഠസങ്കൽപത്തിലൂടെ അന്യാത്മാക്കൾ പോലും തിന്മയെ മാറ്റി നന്മ ധാരണ ചെയ്യുന്ന വിധത്തിൽ അത്രയും ശുഭഭാവനാ സമ്പന്നരാകൂ. നോളേജ്ഫുള്ളിന്റെ അടിസ്ഥാനത്തിൽ ശരിയും തെറ്റും അറിയുക എന്നത് വേറെ കാര്യം, പക്ഷെ സ്വയത്തിലെ തിന്മയെ തിന്മയുടെ രൂപത്തിൽ ധാരണ ചെയ്യുന്നത് തെറ്റാണ്. അതിനാൽ മോശമായതിനെ കണ്ടും മനസ്സിലാക്കിക്കൊണ്ടും അതിനെ നല്ലതിലേക്ക് പരിവർത്തനപ്പെടുത്തൂ.

## സ്ലോഗൻ:– സഹനശീലത എന്ന ഗുണത്തെ ധാരണ ചെയ്യൂ എങ്കിൽ കഠോര സംസ്കാരവും ശീതളമായി മാറും.